# Deepika

## 23 July 2018

## Vaypin: Heavy rain, Rainy season disaster

# കാലവർഷക്കെടുതിയിൽ തകർന്ന് പള്ളത്താംകുളങ്ങര ബീച്ച്

**വൈപ്പിൻ:** കാലവർഷത്തെ തുടർന്നുള്ള കടൽ ക്ഷോഭത്തിൽ കുഴുപ്പിള്ളി പഞ്ചായത്തിന്റെ അധീനതയിലുള്ള പള്ളത്താംകുളങ്ങര ബീച്ച് തകർന്നു. സൗന്ദര്യ വത്കരണത്തിന്റെ ഭാഗമായി ഇവിടെ ഒറ്റത്തൂണിൽ സ്ഥാപിച്ചിരുന്ന ഓലക്കുടകൾ പലതും നിലംപതിച്ചു.

ശക്തമായ കടൽക്ഷോഭത്തെത്തുടർന്ന് അടിച്ചുകയറിയ ചപ്പും ചവറും മൂലം ബീച്ചാകെ മാലിന്യം നിറഞ്ഞ അവസ്ഥയിലാണ്. ഇത് വൃത്തിയാക്കാൻ പഞ്ചായത്ത് ഇതുവരെയും നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

കുടകൾക്ക് മുന്നിലായി ഉണ്ടായിരുന്ന തീരത്തെ പഞ്ചസാര മണൽ പരപ്പ് കടലെടുത്തു. ഇപ്പോൾ കുടകളുടെ പരിസരം വരെ കടൽ തിരകൾ എത്തുന്നുണ്ട്.

മാത്രമല്ല ഇരുവശങ്ങളിലും മാറി തീരത്ത് കാറ്റാടി മരങ്ങൾ സ്ഥിതിചെയ്യുന്നിടം വരെയും ഇപ്പോൾ കടലാണ്.



കടൽക്ഷോഭത്തിൽ തകർന്ന പള്ളത്താംകുളങ്ങര ബീച്ച്.

വേലിയേറ്റ സമയത്ത് ഇവിടെ നിന്നും കിഴക്കോട്ടേക്ക് കാറ്റാടി മരങ്ങൾക്കിടയിലൂടെ വെള്ളം അടിച്ചു കയറുന്നുണ്ടെങ്കിലും മരങ്ങളുടെ വേര് ശക്തമായി ഉറച്ചു നിൽക്കുന്നതിനാൽ മണ്ണൊലിപ്പ് ഇല്ല. ബീച്ചിൽ അപകടമരണങ്ങൾ സംഭവിച്ചതോടെ ഈ അടുത്തിടെ പഞ്ചായത്തും ഡിടിപിസിയും ചേർന്ന് രണ്ട് ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ടെങ്കിലും ഇവരുടെ പക്കൽ ജീവൻ രക്ഷാ ഉപകരണങ്ങൾ ഒന്നും തന്നെ ഇല്ല.